ഒരു സ്കീം സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വെക്കുമോ;

(ബി) അതിനെപ്പററി ഗവമ്മെണ്ട് എന്തു നടപടിയാണ് എടുത്തതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഉവ്വ്. ശ്രീമാൻ കോമാട്ടിൽ അച്യുതമേനോൻ സമപ്പിച്ച റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) റിപ്പോർട്ടിലെ എല്ലാ നിർദ്ദേശങ്ങളെപ്പററിയും ഗവമ്മെണ്ട് ആലോചിക്കുകയും പ്രായോഗികങ്ങളായവയെ പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

## FOOD STUFFS FROM MILITARY STORES—PURCHASE OF

**463.** മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മിലിട്ടറി സ്റ്റോറിൽനിന്ന് എത്ര ലക്ഷം ഉറപ്പിക വിലക്കുള്ള ഭക്ഷ്യപദാത്ഥങ്ങളാണ് ഗവമ്മെണ്ട് വാങ്ങിച്ചിരിക്കുന്നതു്;

(ബി) ഈ ഭക്ഷണപദാത്ഥങ്ങളുടെ വിവരവും ഓരോ ഇനത്തിന്റെയും ആകെ എണ്ണമോ തൂക്കമോ അളവോ എന്തെന്നും ഗവമ്മെണ്ടു വ്യക്തമാക്കുമൊ;

(സി) ഈ പദാത്ഥങ്ങൾ ഗവമ്മെണ്ട് എങ്ങിനെ ചിലവഴിച്ചു;

(ഡി) ചിലവുചെയ്തപ്പോൾ വന്ന ലാഭനഷ്ടങ്ങൾ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മിലിട്ടറി സ്റ്റോറിൽനിന്നു വാങ്ങിയ ടിൻ പ്രൊവിഷൻസിന്റെ വില ആകെ ക. ൫,൪൯,൬൫൩—൮—൭ ആണ്.

(ബി) സാധനങ്ങളുടെ വിവരം അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix III)

(സി) കുറെ സാധനങ്ങൾ കച്ചവടക്കാൎക്കു വിററു. കുറെ സാധനങ്ങൾ ലേലംവിളിച്ചു വിററു.

(ഡി) സാധനങ്ങൾ മുഴുവൻ വിററു തീൎന്നിട്ടില്ല. തീൎന്നശേഷമെ ലാഭനഷ്ടങ്ങളുടെ കാൎയ്യം തീരുമാനിക്കുവാൻ നിവൃത്തിയുള്ളു.

## VEGETABLE FARM AT NELLIAMPATHIES

**464.** മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) നെല്ലിയാംപതിയിലെ പച്ചക്കറിത്തോട്ടത്തിൽ ൧൧൧൨-ൽ എത്ര കൂലിക്കാരാണ് പണിയെടുത്തിട്ടുള്ളതു്;

(ബി) അതിൽ കൊച്ചിക്കാർ എത്ര; പുറം നാട്ടുകാർ എത്ര;

(സി) അവിടെ സ്ത്രീകൾക്കും പുരുഷന്മാൎക്കും എന്തു നിരക്കനുസരിച്ചാണ് കൂലി നൽകിവരുന്നതു്;

(ഡി) കൂലിക്കുപുറമെ തൊഴിലാളികൾക്ക് എന്തെല്ലാം ജീവിത സൌകൎയ്യങ്ങളാണു ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൩൦൦ കൂലിക്കാർ.

(ബി) കൊച്ചിക്കാർ ൨൫. പുറംനാട്ടുകാർ ൨൭൫.

(സി) പുരുഷൻ ൧൩ അണ.

സ്ത്രീ ൧൦ അണ.

കുട്ടി ൬½ അണ.

(ഡി) (൧) കൂലിക്കാൎക്ക് ൨൦൦ ദിവസം ഫാറത്തിൽ ജോലി എടുത്താൽ ഒരു കമ്പിളിയും ഫാറത്തിൽനിന്നു തിരിച്ചുപോകുന്നതിന്നുള്ള യാത്രച്ചിലവും സൌജന്യമായി കൊടുക്കും. (൨) വൈദ്യസഹായം (free medical aid) എല്ലാ കൂലിക്കാൎക്കും നൽകും. (൩) ഫാറത്തിൽ മലേറിയനിവാരണ പദ്ധതികൾ ഗവമ്മെണ്ടിൽനിന്നും ചെയ്തുവരുന്നുണ്ട്. (൪) പണിയുന്നതിന്നു പ്രായമാവാത്ത കുട്ടികൾക്കു ഉച്ചക്കു സൌജന്യമായി ഭക്ഷണം (കഞ്ഞി